**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1607** **01-02-2024 - ൽ മറുപടിയ്ക്ക്**

**വിവാഹ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ ഫോട്ടോ ഉൾപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി | | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി<br>(രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി) | |
| (എ) | പ്രത്യേക വിവാഹ നിയമം 1954 പ്രകാരം രജിസ്ട്രാർ ഓഫീസുകളിൽ വിവാഹം നടത്തുന്നവർ രജിസ്ട്രേഷനായി നൽകുന്ന അപേക്ഷകളിൽ വധുവരൻമാരുടെ ഫോട്ടോ പതിപ്പിക്കുന്നുണ്ടെങ്കിലും വധൂവരൻമാർക്ക് മുദ്രപത്രത്തിൽ നൽകുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ ഫോട്ടോകൾ ഇല്ലാതെ നൽകുന്നത് കൊണ്ട് വിദേശ നയതന്ത്ര ഓഫീസുകളിലും മറ്റും ബുദ്ധിമുട്ടുകൾ നേരിടുന്നതിനാൽ രജിസ്ട്രാർ ഓഫീസിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിന്റെ പകർപ്പിലും ഫോട്ടോ ഉൾപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കുമോ? | (എ) | 1954 -ലെ സ്പെഷ്യൽ മാര്യേജ് ആക്ട് പ്രകാരമുള്ള 1958 -ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിൽ S.R.O.No.262/2018 നമ്പർ ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള നിയമം (ഇ) വകുപ്പിന്റെ 12/04/2018 തീയതിയിലെ സ.ഉ.(അ) നം.4/2018/ നിയമം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ചട്ടം 4(ഇ), ചട്ടം 6(ഇ) എന്നിവ കൂട്ടിച്ചേർത്ത് വിവാഹ നോട്ടീസ് ബുക്കിലും, വിവാഹ സാക്ഷ്യപത്ര ബുക്കിലും ഫോട്ടോ ഒട്ടിക്കുന്നതിനായി ചട്ടങ്ങൾ നടപ്പാക്കിയിട്ടുണ്ടെങ്കിൽ തന്നെയും, വിവാഹ ശേഷം രജിസ്ട്രാർ ഓഫീസിൽ നിന്നും നൽകുന്ന വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ നിലവിൽ ഫോട്ടോകൾ ഉൾപ്പെടുത്തുന്നില്ല. വിവാഹ ശേഷം രജിസ്ട്രാർ ഓഫീസിൽ നിന്നും നൽകുന്ന വിവാഹ സർട്ടിഫിക്കറ്റിന്റെ പകർപ്പിൽ ഫോട്ടോകൾ ഉൾപ്പെടുത്തുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ